A1/130/2025-CLAD
"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - ഭാരത് ഭവന്റെ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണത്തിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.286/2025/CLAD തീയതി,തിരുവനന്തപുരം, 20-05-2025

പരാമർശം:- 1. ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുടെ അപേക്ഷ.

2. 22.04.2025 -ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടി ക്രമം.

**ഉത്തരവ്**

ഭാരത് ഭവന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-2026 സാമ്പത്തികവർഷം "2205-00-102-82-36(പ്ലാൻ)" എന്ന ശീർഷകത്തിൽ 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഭാരത് ഭവൻ മെമ്പർ സെക്രട്ടറി 22.04.2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിഗണിക്കുകയും ഭാരത് ഭവന് 2025-2026 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് എന്നിവ 1,00,00,000/- രൂപയായി (ഒരു കോടി രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നല്കുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച ഭാരത് ഭവന് ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള 2025-2026 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾ പദ്ധതിച്ചെലവ് എന്നിവ 1,00,00,000/- രൂപയായി (ഒരു കോടി രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ. | പദ്ധതിയുടെ പേര് | ശീർഷകം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | പദ്മഭൂഷൺ ഡോ. കപില വാത്സ്യായനൻ ദേശീയ നൃത്തോത്സവം 2025- മൂന്നാം ഘട്ടം യങ് ടാലെന്റ് ഫെസ്റ്റിവൽ. | 2205-00-102-82-36 | 17 |
| 2 | വില്യം ഷേക്സ്പിയർ ഡ്രാമ ഫെസ്റ്റ് | 2205-00-102-82-36 | 5 |

| | | | |
|---|---|---|---|
| | | | |
| 3 | ലോക് രംഗ് സമഭാവന മഹോത്സവം | 2205-00-102-82-36 | 6.5 |
| 4 | ഹൈ ക്യു തീയേറ്റർ | 2205-00-102-82-36 | 4 |
| 5 | ഇന്റർനാഷണൽ മൈം ഫെസ്റ്റ് 2025 | 2205-00-102-82-36 | 7 |
| 6 | സീ ലോർ ഫെസ്റ്റ് 2025 | 2205-00-102-82-36 | 8 |
| 7 | സംഗമോത്സവ് 2025 | 2205-00-102-82-36 | 2 |
| 8 | കേരളത്തനിമ | 2205-00-102-82-36 | 14 |
| 9 | ഭാരത് ഭവൻ വിവർത്തന രത്ന-സമഗ്ര സംഭാവന പുരസ്കാരവും വിവർത്തക ശിൽപ്പശാലയും | 2205-00-102-82-36 | 1.5 |
| 10 | ഭാരത് ഭവൻ ഗ്രാമീണ നാടക സമഗ്ര സംഭാവനാ-ഗ്രാമീണ നാടക രചനാ പുരസ്കാരങ്ങൾ | 2205-00-102-82-36 | 1 |
| 11 | ടാഗോർ ഫെസ്റ്റ് | 2205-00-102-82-36 | 6 |
| 12 | ദേശീയ സ്ട്രീറ്റ് തിയേറ്റർ | 2205-00-102-82-36 | 6 |

| | | | |
|---|---|---|---|
| | ശില്പശാലയും യുവതയെ മുൻനിർത്തിയുള്ള അവതരണങ്ങളും | | |
| 13 | തീയ്യട്ടം ഫാർമേ, ഹോർട്ടികോർപ്പ് തെറാപ്പി-തീയേറ്റർ തെറാപ്പി | 2205-00-102-82-36 | 6 |
| 14 | സതീഷ് ബാബു പയ്യന്നൂർ പുരസ്കാരം | 2205-00-102-82-36 | 0.5 |
| 15 | ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി, വിവിധ വകുപ്പ് മന്ത്രിമാർ, ബഹു. എം.എൽ.എ.മാർ എന്നിവരുടെ നിർദ്ദേശപ്രകാരം വിവിധ ജില്ലകളിൽ ബജറ്റിൽ ഉൾപ്പെടുത്താത്ത സാംസ്കാരിക അവതരണങ്ങൾ സംഘടിപ്പിക്കുമ്പോൾ ആയതിലേക്ക് ഒരു വർഷം വേണ്ടി വരുന്ന തുക | 2205-00-102-82-36 | 3 |
| 16 | പെരുങ്കളിയാട്ടം - തെയ്യം ഫെസ്റ്റിവൽ | 2205-00-102-82-36 | 2.75 |
| 17 | വാഹന വാടക | 2205-00-102-82-36 | 4.8 |
| 18 | ഓഫീസ് നവീകരണം | 2205-00-102-82-36 | 3.15<br>(പുതിയ പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്തുന്നതിന് പദ്ധതികളുടെ വി ശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ അപ്പ് ലോഡ് ചെയ്ത് സമർപ്പിക്കേണ്ടതാണ്) |
| 19 | ഭാരത് ഭവൻ നവ മാധ്യമ സർഗ്ഗവേദി/ഫേസ് ബുക്ക് ലൈവ് എന്നിവയുടെ ചെലവുകൾക്ക് | 2205-00-102-82-36 | 1.8 |
| | **ആകെ** | | **100** |

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്:

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് , തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ,തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (പ്ലാനിങ്ങ് ബി/വിദ്യാ.സി) വകുപ്പ്
സാംസ്കാരിക കാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 20-05-2025 12:10:57